SINCE 1966

**Aligarh Malayalam**
**Essay Collection**

Editor

**T.N. Satheesan**

Malayalam

First Edition: February 2018

Cover: Signi Devaraj

Typesetting: Lekha Prints, Mukkam
Printing: KT Printers Mukkam

ISBN-978-81-300-2004-4

All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the copyright holder.

*Published by:*
**POORNA PUBLICATIONS**

POORNA
SINCE 1966

# അലീഗഢ് മലയാളം

എഡിറ്റർ

ടി.എൻ. സതീശൻ



26. മുഖം മറയ്ക്കാത്ത പുസ്തകം
ഡോ.ശഫീഖ് വഴിപ്പാറ 156

27. ഋതുഭേദങ്ങളറിയാതെ
യു.ബിജേഷ് 161

28. ഋതുഭേദങ്ങൾ വരയ്ക്കുന്നത്
സി.കെ.രൺജിത്ത് 167

29. മലയാളം പഠിക്കാൻ അവിടെവരെ പോണോ
അൽത്താഫ് ഹുസൈൻ 172

30. മധുരിക്കുന്ന ഓർമ്മകൾ
ടി.വി. ശ്രീകല 176

31. മലയാളത്തിന്റെ കണിക്കൊന്ന
റഫ്സൽ ബാബു 178

32. അനുഭവം, ഓർമ്മ, യാത്ര
സഫറുൽ ഹഖ് 181

33. നെഞ്ചിൽ വിരിയുന്ന മൊഞ്ചുള്ള ഓർമ്മകൾ
പി.ഷഫീക് 189

34. സ്വപ്നം അനുഭവമായപ്പോൾ
മെർലിൻ ഷാ 193

35. അലീഗഢിലെ മലയാളഗവേഷണം
ബിജേഷ് 197

അനുബന്ധങ്ങൾ 203

1. സർസയ്യദ് അഹമ്മദ് ഖാൻ 205

2. സർദാർ കെ.എം.പണിക്കരും അലീഗഢ് ജീവിതവും 209

3. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ അലിഗഢ് 213

4. അലീഗഢ് കഥകളുടെ ആമുഖം 220

## മുഖം മറയ്ക്കാത്ത പുസ്തകം

ഡോ.ശഫീഖ് വഴിപ്പാറ

ദൽഹിയിൽനിന്ന് ട്രെയിൻമാർഗമോ റോഡ്‌വഴിയോ അലിഗഢിൽ എത്തിച്ചേരാം. റെയിൽവേസ്റ്റേഷനിൽനിന്നായാലും ബസ്സ്റ്റാന്റിൽനിന്നായാലും റിക്ഷയിൽ കയറി പിന്നെയും പോകണം മുസ്‌ലിം സർവ്വകലാശാലയിലെത്താൻ. കിതച്ചും മുക്കിയും റിക്ഷാവാലകൾ നമ്മെ കാമ്പസിൽ ചവിട്ടിയെത്തിക്കുന്നു. ഉത്തരേന്ത്യയിലെ പതിവനുസരിച്ച്, പൈസ നൽകേണ്ടത് റിക്ഷക്കാരന്റെ അവകാശമല്ല; യാത്രക്കാരന്റെ ഔദാര്യമാണ്. യാത്രയ്ക്കു മുമ്പേ ചിലപ്പോൾ പൈസ പറഞ്ഞുറപ്പിക്കാം, അല്ലെങ്കിൽ അവസാനം തർക്കിക്കാം. രണ്ടായാലും യാത്രക്കാരൻ കൊടുക്കുന്ന പൈസയും വാങ്ങി തൃപ്തിയടയാനാണ് റിക്ഷക്കാരന്റെ വിധി. അസംഘടിതരും ദുർബലരുമായ റിക്ഷക്കാരുടെ ലോകംപോലെ തന്നെയാണ് ഉത്തരേന്ത്യയിലെ മിക്കതും. ഒന്നിനും ഒരു ഉത്തരവാദിത്തവുമില്ലാത്തതുപോലെ. റോഡിലെ പരന്നുപായുന്ന വണ്ടികൾ തന്നെയാണതിനു ഒരു സാക്ഷി. ജംഗ്ഷനുകളിലെ സിഗ്നൽ വെളിച്ചങ്ങൾ കത്തുന്നതു കൊണ്ട് ആർക്കും പ്രത്യേകിച്ചൊരു ചേതവുമില്ല. ചുവന്ന ബൾബ് ആർക്കും സ്വന്തം വണ്ടിയിൽ വെക്കാമെന്നാണ് ധാരണ. ബസായാലും ഓട്ടോ റിക്ഷയായാലും ബൈക്കായാലും സൈക്കിളായാലും ഒരു വണ്ടിയിൽ എത്രപേരെ വേണമെങ്കിലും കൊണ്ടുപോകാം. അലിഗഢിൽ ടെറി എന്നു പറഞ്ഞൊരു വണ്ടിയുണ്ട്. നമ്മുടെ നാട്ടിലെ എം. എയ്റ്റി സ്ക്കൂട്ടറിനു മുകളിൽ ചെറിയൊരു ടാർപായ കെട്ടി വലിയ രണ്ടു ചക്രങ്ങൾ കൂടി

രണ്ടു ഭാഗത്തുമായി അധികം വെച്ചുണ്ടാക്കിയ വണ്ടിയാണെന്നു അതിനെ അനുമാനിക്കാം. ശബ്ദത്തിന്റെ ആധിക്യംകൊണ്ടും ആളുകളെ കുത്തിനിറച്ചതുകൊണ്ടും കൂടി അതു നമുക്ക് അത്ഭുതമാകുന്നു. ഇത്രയും കൗതുകങ്ങൾക്കൊടുവിലാണ് ചരിത്രത്തിന്റെ നാൽക്കവലയിൽ പതറിപ്പോയ ഒരു ജനതയുടെ പയ്യാരങ്ങളും കിനാവുകളും ഒരുപോലെ പതിഞ്ഞ ലോകത്തെത്തുന്നത്.

സർസയ്യിദ് അഹ്മദ് ഖാൻ, അർദ്ധ രാത്രി രണ്ടുമണിക്ക് തന്റെ വീടിന്റെ വരാന്തയിലൂടെ കരഞ്ഞ് ഉലാത്തുകയാണ്. തന്റെ മുറിയിൽ കൂടെ കിടക്കാനുണ്ടായിരുന്ന സഹപ്രവർത്തകനായ മൗലനാ മുഹ്സിനുൽ മുൽക്, സർസയ്യിദിനെ മുറിയിൽ കാണാനില്ലാത്തതിനെ തുടർന്ന് പുറത്തിറങ്ങി നോക്കി. കണ്ടപ്പോൾ എന്തെങ്കിലും അപകടമുണ്ടായോ എന്നന്വേഷിച്ചു. അപ്പോൾ സർസയ്യിദ് പറഞ്ഞു: "ഇതിലേറെ വലിയ ദുരന്തം എന്തുണ്ടാകാൻ. മുസ്ലീങ്ങളുടെ അവസ്ഥ കണ്ടില്ലേ. അവർ തകർന്നുകൊണ്ടിരിക്കുക തന്നെയാണ്. അവരുടെ നിലനിൽപ്പ് നഷ്ടപ്പെടുകയാണ്. രക്ഷിക്കാൻ ഒരു വഴിയും കാണുന്നില്ല; നാളെ എന്തെങ്കിലും പ്രതീക്ഷ നൽകുന്നുണ്ടായെങ്കിൽ". നാളെയുടെ ആ പ്രതീക്ഷയാണ് 1875 മെയ് 25 ന് മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് ആരംഭിക്കുന്നതിലൂടെ സർസയ്യിദ് അഹ്മദ് ഖാൻ പാകിയത്. 1920ൽ സർവ്വകലാശാലയായി ഉയർത്തപ്പെട്ടതോടെ പ്രതീക്ഷകൾ ആകാശത്തോളം ഉയർത്തപ്പെട്ടു. ലോകം ആ പ്രതീക്ഷയെ അലിഗഡ് മുസ്ലിം സർവ്വകലാശാല എന്നു വിളിച്ചു. അങ്ങനെ, കിനാവുകളുടെ മേൻമ മുസ്ലിം/പിന്നാക്ക ജനതയുടെ ജീവിതത്തിൽ പുതിയ കാലവും ലോകവും നൽകി. ബീഹാറിലെയും ബംഗാളിലെയും യു.പിയിലെയും കേരളത്തിലെയും മറ്റനേകം ദേശങ്ങളിലെയും അതിർത്തിക്കപ്പുറത്തുള്ള നാടുകളിലെയും അറിവന്വേഷകർ അലിഗഢിനെ തേടിയെത്തി. ഇന്ന്, മുപ്പതിനായിരത്തിലധികം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. എൽ.കെ.ജി മുതൽ സിവിൽ സർവീസ് അക്കാഡമി വരെ, മെഡിക്കൽ കോളേജും എഞ്ചിനീയറിംഗ് കോളേജും, വ്യത്യസ്തങ്ങളായ ഫാക്കൽറ്റികൾ, ഇരുന്നൂറ്റി അമ്പതിലധികം കോഴ്സുകൾ, എഴുപതിലധികം ഹോസ്റ്റലുകൾ, അതിലേറെ പള്ളികൾ, ജിംനേഷ്യം ക്ലബ് മുതൽ നീന്തൽകുളം വരെ, എല്ലാ കളികൾക്കുമുള്ള മൈതാനങ്ങൾക്കൊപ്പം കുതിരയോട്ട മൈതാനവും, രാത്രികളിൽ ഉണർന്നിരിക്കുന്ന ദാബകൾ...ഒരു വലിയ ഗ്രാമം മുഴുവൻ പരന്നുകിടക്കുന്നു അലിഗഡ് കാമ്പസ്.

കാംബ്രിഡ്ജ് സർവ്വകലാശാലയുടെ മാതൃകയിൽ ഇന്ത്യയിലെ ബ്രിട്ടീഷ് കാലഘട്ടത്തിൽ പണിത ആദ്യ സർവ്വകലാശാലയാണ് അലിഗഢ്. സുൽത്താൻ ജഹാൻ ബീഗമായിരുന്നു ആദ്യ ചാൻസിലർ. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻഭരണകൂടത്തിന്റയും ജുഡീഷ്യറിയുടെയും സമീപനങ്ങളിലെ പോരായ്മയുടെ ഭാഗമായി സർവ്വകലാശാലക്ക് ന്യൂനപക്ഷപദവി നഷ്ടമായി. 1968ലെ സുപ്രീംകോടതി വിധിപ്രകാരം അലിഗഢിന്റെ ന്യൂനപക്ഷ സ്വഭാവം എടുത്തുകളഞ്ഞു. 1972ൽ ഇന്ദിരാഗാന്ധി സർക്കാർ അതിന്റെ സ്വതന്ത്ര സ്വഭാവ

വും എടുത്തുകളഞ്ഞു. വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ സമ്മർദ്ദങ്ങളുടെ ഫലമായി 1981ൽ വീണ്ടും ന്യൂനപക്ഷപദവി പേരിനു നൽകി. ഇവിടെ പഠിച്ചു കൊണ്ടിരിക്കുന്നവർക്കല്ലാതെ മുസ്‌ലീങ്ങൾക്കായി പ്രത്യേക സംവരണമൊന്നും നൽകിയില്ല. സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് വീണ്ടും ശ്രമങ്ങൾ നടന്നുവെങ്കിലും മുസ്‌ലിം സംവരണം കോടതി സ്റ്റേ ചെയ്തിരിക്കുകയാണിപ്പോൾ. എൺപതു ശതമാനം ജനറലും ഇരുപതുശതമാനം വി.സി ക്വോട്ടയും എന്ന നിലയാണിപ്പോഴുള്ളത്.

അലിഗഢ് ഒരു സംസ്കാരത്തിന്റെ പേരാണ്. പാർശ്വവത്കരിക്കപ്പെട്ടവരുടെയും ഇല്ലായ്മകൾ മാത്രം കണ്ടു വളർന്നവരുടെയും ജീവിതത്തിന് പുതിയ ആകാശം നൽകിയ സംസ്കാരം. വിദ്യാഭ്യാസം(തഅ്ലീമ്) മാത്രമല്ല ശിക്ഷണം(തർബിയത്ത്)കൂടി നൽകലാണ് അലിഗഢിന്റെ പ്രഖ്യാപിത ലക്ഷ്യം തന്നെയെന്നു സർസയ്യിദ് അഹ്മദ് ഖാൻ പറഞ്ഞതിന്റെ പൊരുൾ, കാമ്പസ് നടപ്പുകളിൽ ഇന്നും പുലർത്തി പോരുന്നു. വെള്ളവും വെളിച്ചവുമില്ലാത്ത കുഗ്രാമങ്ങളിൽ പാർത്തുശീലിച്ചവർക്ക് അലിഗഢിൽ എത്തുന്നതോടെ സ്വർഗീയാനുഭൂതി ലഭിക്കുന്നു. വെള്ളക്ഷാമം ഇതുവരെ കാമ്പസിൽ ഉണ്ടായിട്ടില്ല. പുറത്ത് ആറു മണിക്കൂർ പവർകട്ടാകുമ്പോൾ കാമ്പസിൽ അതു ബാധകമേ അല്ല. പുതിയ ജീവിത സാഹചര്യത്തോടൊപ്പം പുതിയ ശീലങ്ങളും വിദ്യാർത്ഥികൾ കാമ്പസിൽ അറിയുന്നു. വൃത്തിയുടെ പാഠങ്ങൾ, അഭിസംബോധനയുടെ രീതികൾ... എല്ലാമുണ്ടതിൽ.

രണ്ടു പെരുന്നാൾ കഴിഞ്ഞാൽ ഒക്ടോബർ 17-ന് വരുന്ന സർസയ്യിദിന്റെ ജൻമദിനമാണ് പിന്നെ കാമ്പസിലെ ആഘോഷ നേരം. ഓരോ ഹാളിലും പരിപാടികളും വയറു നിറയെ ചിക്കനുമാണ് സർസയ്യിദ് ഡേയുടെ സന്തോഷം. രണ്ടു പെരുന്നാളുകൾക്കും സെൻട്രൽ പള്ളിയിലാണ് എല്ലാവരും നിസ്കാരത്തിനെത്തുക. കുർത്തയും പൈജാമയും ധരിക്കാത്ത ഒരാളുമുണ്ടാകില്ല. ഉണ്ടെങ്കിൽ അവൻ മലയാളിയായിരിക്കും. തൊപ്പിയും അന്നത്തെ ഐശ്വര്യമാണ്. നിസ്കാരത്തിനു ശേഷം പരസ്പരാലിംഗനം ചെയ്ത് എല്ലാവരും സായൂജ്യമടയുന്നു. സുന്നികളുടെ നിസ്കാരം കഴിഞ്ഞാൽ ഷിയാക്കൾ നിസ്കരിക്കും. സാധാരണ ജുമുഅ നിസ്കാരവും അതുപോലെയാണ്. രണ്ടു കൂട്ടർക്കും വെവ്വേറെ നിസ്കാരമാണ്. ബറേൽവികളും തബ്‌ലീഗുകാരും ജമാഅത്തെ ഇസ്‌ലാമിക്കാരും അഹ്‌ലേ ഹദീസുകാരുമെല്ലാം ഉൾപ്പെടുന്നതാണ് സുന്നി. സർവ്വകലാശാല ഔദ്യോഗികമായി അംഗീകരിച്ച രണ്ടു വിഭാഗങ്ങളാണ് സുന്നികളും ഷിയാക്കളും. തിയോളജി ഡിപ്പാർട്ട്മെന്റിൽ ഇവ രണ്ടും പ്രത്യേക ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൗലാനമാർ അവിടെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

തബ്‌ലീഗ് ജമാഅത്തിന്റെ പ്രധാനമായ പ്രവർത്തന ഇടമാണ് കാമ്പസ്. വിദ്യാർത്ഥികൾക്കിടയിൽ അവർ കാര്യമായി പ്രവർത്തിക്കുന്നു. ഹോസ്റ്റലിലെ ഓരോ മുറിയുടെ വാതിലും മുട്ടിത്തുറന്ന് ഇടക്കിടക്ക് സ്വർഗവും നി

സ്കാരവും പറയുന്ന അവർക്ക് പ്രത്യേക വേഷവും രൂപവുമുണ്ട്. സിയാവുദ്ദീൻ സർദാർ മുതൽ ഷാജഹാൻ മാടമ്പാട്ട് വരെയുള്ളവരുടെ എഴുത്തുകളിൽ ആ വാതിൽമുട്ടലിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ അലിഗഢ് കഥകളിൽ തബ്‌ലീഗുകാരുടെ ക്ഷമയെ കുറിച്ച് പറയുന്നുണ്ട്. നിത്യവും സുബ്ഹിക്ക് മുറിയുടെ വാതിൽമുട്ടി പള്ളിയിലേക്ക് ജമാഅത്തിനു ക്ഷണിച്ചാലും കുഞ്ഞബ്ദുള്ള എണീക്കുക പോലും ചെയ്യാതെ കിടന്നുറങ്ങും. പിന്നീട് ഉച്ചക്ക് കണ്ടാൽ അവർക്ക് യാതൊരു മുഖമാറ്റവുമുണ്ടാകില്ല. കൂടുതൽ സൗമ്യതയോടെ അവർ പെരുമാറും. വർഷങ്ങൾ ഇരുന്ന്പഠിച്ച് മെഡിക്കലിനും എഞ്ചിനീയറിംഗിനുമൊക്കെ സീറ്റ് നേടിയ വിദ്യാർത്ഥികൾ മുഴുസമയവും തബ്‌ലീഗുകാരോടൊപ്പം ജമാഅത്തിനു പോകുന്നത് കാണുമ്പോൾ ആ സംഘത്തെ കുറിച്ച് ആലോചിച്ചുപോകാറുണ്ട്. കാമ്പസിലെ മതവുമായി ബന്ധപ്പെടാത്ത വിഷയങ്ങളിലൊന്നും അവർ താത്പര്യം കാണിക്കാറില്ല. അതു കൊണ്ടുതന്നെ ഏറ്റവും വലിയ അരാഷ്ട്രീയ സംഘംകൂടിയായി അതിനെ വിലയിരുത്താം.

രാഷ്ട്രീയ/അക്കാഡമിക്/സാംസ്കാരിക ഭൂപടത്തിൽ അലിഗഢിന്റെ സംഭാവന വലുതാണ്. മുൻ പാകിസ്താൻ പ്രധാനമന്ത്രി ലിയാഖത്തലി ഖാൻ, മുൻ ഇന്ത്യൻപ്രസിഡന്റ് ഡോ.സാക്കിർ ഹുസൈൻ, അതിർത്തി ഗാന്ധിയെന്നറിയപ്പെട്ട ഖാൻ അബ്ദുൽഗഫാർ ഖാൻ, സ്വാതന്ത്ര്യ സമരനേതാക്കളായ മൗലാനാ ഷൗക്കത്തലി, മൗലാനാ മുഹമ്മദലി, സ്വതന്ത്രഇന്ത്യയിലെ ആദ്യ വാർത്താവിനിമയവകുപ്പുമന്ത്രി റാഫി അഹ്മദ് കിദ്വായി, മുൻ ഡൽഹി മഖ്യമന്ത്രി സാഹിബ് സിംഗ് വർമ, മുൻ കാശ്മീർ മുഖ്യമന്ത്രി ഷേക്ക് അബ്ദുല്ല, നിലവിലെ ഇന്ത്യൻ വൈസ് പ്രസിഡന്റ് ഹാമിദ് അൻസാരി, ബോളിവുഡ് സ്റ്റാറുകളായ നസീറുദ്ദീൻ ഷാ (ഇദ്ദേഹത്തിന്റെ സഹോദരനാണ് വി.സിയായിരുന്ന സമീറുദ്ദീൻ ഷാ), ദിലീപ് താഹിൽ, സഈദ് ജാഫ്രി, കൈഫി ആസ്മി, രാജ് ബബ്ബർ, ഹിന്ദി സിനിമാഗാന രചയിതാവ് ജാവേദ് അക്തർ, കവികളായ മജ്റൂഹ് സുൽത്താൻപുരി, ബാബ ആസ്മി, ഷക്കീൽ ബദനി, ഷഹരിയാർ, ഹോക്കി താരങ്ങളായ ധ്യാൻ ചന്ദ്, ലാല അമർനാഥ്, സഫർ ഇഖ്ബാൽ..തുടങ്ങിയവർ അലിഗഢിന്റെ ഉത്പന്നങ്ങളാണ്. കേരളപുത്രൻ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, മുൻ കേരള സ്പീക്കർ വക്കം പുരുഷോത്തമൻ, മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പി. കെ അബ്ദുറബ്ബ്, ചരിത്രകാരൻമാരായ ഡോ.സി. കെ കരീം, ഡോ.വി. കുഞ്ഞാലി, ഡോ.ഹുസൈൻ രണ്ടത്താണി, എഴുത്തുകാരൻ പുനത്തിൽ കുഞ്ഞബ്ദുല്ല തുടങ്ങിയ മലയാളി പ്രമുഖരും അലിഗഢിൽ നിന്നുള്ളവരാണ്.

ഉത്തരേന്ത്യയിലെ ഇപ്പോഴത്തെ ഏക മലയാളംകാമ്പസ് അലിഗഢാണ്. അൻപതു വർഷത്തിലധികമായി അലിഗഢ് മലയാളം പറഞ്ഞും ശ്വസിച്ചും കൊണ്ടിരിക്കുന്നു. ബനാറസ് ഹിന്ദു സർവ്വകലാശാലയിലും ദൽഹി സർവ്വകലാശാലയിലും ദക്ഷിണേന്ത്യൻ ഭാഷകൾ തുടങ്ങാൻ തീരുമാനിച്ച വർഷം തന്നെയാണ് അലിഗഢിലും തീരുമാനിക്കുന്നത്. പക്ഷേ, ദൽഹിയിൽ

തുടങ്ങി രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പു പൂട്ടിപ്പോയി. ബനാറസിൽ പ്രഖ്യാപനത്തിൽ ഒതുങ്ങിയെന്നല്ലാതെ മലയാളം തുടങ്ങാനേ കഴിഞ്ഞില്ല. അങ്ങനെ, കേരളത്തിനു പുറത്ത് മലയാളത്തിന്റെ പ്രകാശതീരമായി. അലിഗഢ് സർവകലാശാലയിലെ ആധുനിക ഇന്ത്യൻ ഭാഷാ വിഭാഗത്തിൽ ഒരു കണ്ണിയായി മലയാളം നിലകൊള്ളുന്നു. ഞാനുൾപ്പെടെ കേരളത്തിലെ വിവിധ കോളജുകളിലും സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്ന അധ്യാപകരിൽ ചിലർ ഈ തീരത്തുനിന്ന് കയറിപ്പോയവരാണ്.

എന്റെ ജീവിതത്തിൽ ഒരു ദിശ വരച്ചിടുന്നതിൽ ഈ ഇടം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഓർമയിൽ നിറയുന്ന കലാലയ മുറ്റങ്ങളിൽ, മലയാളത്തിന്റെ ആഴവും വഴികളും വരച്ചു കിട്ടിയത് ഇവിടെ നിന്നാണ്, ഇവിടെ നിന്നു മാത്രം. നിഴലുകൾ ഭൂമിയിൽ പതിപ്പിച്ച് തണലേകി വിടർന്നു നിൽക്കുന്ന വലിയ അരയാൽവൃക്ഷത്തിന്റെ സമീപത്ത് നിലകൊള്ളുന്ന ആധുനിക ഇന്ത്യൻ ഭാഷാ വിഭാഗത്തിന്റെ ആ കൊച്ചു ഓഫിസിൽ കയറിച്ചെന്നപ്പോൾ തന്നെ പ്രതീക്ഷയുടെ കടൽ നിറഞ്ഞിരുന്നു. പ്രോത്സാഹനവും നല്ലവഴി കാട്ടുന്ന പറച്ചിലുകളും സതീശൻ സാറിൽ നിന്നു കിട്ടിയപ്പോഴൊക്കെ ഞാൻ കൂടുതൽ കരുത്തനായി. പാട്ടും മണിപ്രവാളവും വൃത്തവുമെല്ലാം ഇഴകീറിയറിഞ്ഞത് ആ ഗുരുമുഖത്തു നിന്ന്. യു.ജി.സി എന്ന കോളേജ് അധ്യാപക യോഗ്യത പോരാടി നേടാൻ ഉള്ളുറപ്പ് തന്നത് ആ സാന്നിധ്യം. പേരിന്റെ മുൻപിൽ 'ഡോ' എന്ന് എപ്പോഴും എഴുതാറില്ലെങ്കിലും രേഖകളിൽ അങ്ങനെയൊരു യോഗ്യത പിടിപ്പിച്ചു തന്നതിൽ പ്രിയഗുരുവിന് ഒരു ദക്ഷിണയും നൽകാൻ കഴിഞ്ഞിട്ടില്ല. അലിഗഢിലെ മലയാളപഠനം എന്റെ പ്രതീക്ഷകളിൽ എഴുതി വച്ച മുഹൂർത്തങ്ങളിൽ തെളിഞ്ഞു നിൽക്കുന്ന ഒന്നാണ് നുജൂം സാറിന്റെ വരവ്. വിജ്ഞാനകൈരളി എന്ന മലയാളം റിസർച്ച് ജേർണലിൽ ആദ്യമായി എന്റെ ലേഖനം അച്ചടിച്ചുവരുമ്പോൾ, അങ്ങനെയൊരു പ്രസിദ്ധീകരണം പരിചയപ്പെടുത്തി തന്ന നുജൂം സാറിനോടുള്ള കടപ്പാട് ഇപ്പോഴെങ്കിലും വാക്കുകളിൽ കൊടുത്തു വീട്ടട്ടെ. നീ യു.ജി.സി എഴുതിയെടുക്കടാ എന്ന ശാസനകളൊക്കെ വെറുതെയായില്ല, സാറേ.

ശനിയാഴ്ചകളിൽ മലയാളകേന്ദ്രത്തിൽ നടന്നിരുന്ന ആ ചർച്ചകൾ മലയാളികളുടെ തുറന്നസംവാദത്തിന്റെ വേദിയായിരുന്നു. പെരുന്നാളുകളിൽ നുജൂം സാറിന്റെ വീട്ടിൽ ഒരുമിച്ചു കൂടി പാട്ടും പറച്ചിലും തീറ്റയുമായി സന്ധ്യയോളം ചിലവിട്ടത് നിറഞ്ഞ നിർവൃതിയിൽ ഇപ്പോഴും കൂടെയുണ്ട്. അമ്മൂമ എന്ന മലയാളി കൂട്ടായ്മയുടെ ആഘോഷങ്ങളും ഒത്തുചേരലുകളുമെല്ലാം പലപല നിറങ്ങളിൽ എക്കാലവും തെളിഞ്ഞു നിൽക്കും.

മനസ്സിനകത്ത് കാമ്പസ് ചുംബിച്ചുനൽകിയതാണ് ലൈബ്രറിയും രാത്രിയും. ഏഷ്യയിലെ ഏറ്റവും മികച്ച കാമ്പസ് ലൈബ്രറികളിലൊന്നായ മൗലാനാ ആസാദ് ലൈബ്രറി, പുസ്തകം ആഗ്രഹിക്കുന്നവരെ സ്വീകരിക്കുന്നു. അറിവിന്റെ കടലും ആകാശവും ഒരു കൊച്ചുഭൂമിത്തുണ്ടിൽ ഒരുമിച്ചു കൂടി

യതുപോലെ. ഒരു തുള്ളിയെടുക്കാനേ ഒരായുസ്സ് കൊണ്ടാകൂ. രാവിലെ എട്ടുമണി മുതൽ പുലർച്ചെവരെ ലൈബ്രറി തുറന്നുകിടക്കുന്നു.

കാമ്പസിൽ രാത്രി പകൽപോലെയാണെന്നു ചിലപ്പോഴൊക്കെ തോന്നാറുണ്ട്. ഇരുട്ടുന്നതിനനുസരിച്ച് കൂടുതൽ വെളിച്ചം പരക്കുന്ന ഒരു തടാകമായി കാമ്പസ് മാറുന്നു. ചായകാച്ചുന്ന ദാബകൾ രാത്രി വൈകിയും തുറന്നുകിടക്കുന്നുണ്ടാകും. ചായ എല്ലാ നേരത്തും ഊർജ്ജം തരുന്ന ഇന്ധനമാണ്. ഒരു ദിവസം ഇരുപത്തിനാല് ചായവരെ കുടിക്കുന്ന സുഹൃത്തുക്കൾ കാമ്പസിലുണ്ട്. ഇതു പങ്ക് വെച്ചപ്പോഴാണ് ഗവേഷണ വിദ്യാർത്ഥികളുടെ ചായകുടിസ്വഭാവത്തെകുറിച്ച് അമേരിക്കൻ സർവ്വകലാശാലയിൽ നടന്ന ഒരു പ്രബന്ധം സുഹൃത്ത് ഓർമിപ്പിച്ചത്.

മനുഷ്യ സൗന്ദര്യത്തിന്റെ ഉത്തമ മേനികളുള്ള ആൺ/പെൺ കാഴ്ചകൾ കേരളത്തിലെ കാമ്പസുകളെ ബഹുദൂരം പിറകിലാക്കും. മദ്ധ്യേഷ്യൻ രക്തബന്ധമുള്ളവരുടെ നിറവും ആകാരവും ദ്രാവിഡരെ വേർതിരിച്ചു നിർത്തും. ജീൻസും ടീ ഷർട്ടും പർദ്ദയും ചുരിദാറുമെല്ലാം ധരിച്ച പെൺകുട്ടികൾ കുലത്തിൽ പിറന്നവർ തന്നെയാണ്. പറഞ്ഞുണ്ടാക്കിയതു പോലുള്ള ആ രൂപങ്ങൾ ആരെയും കൊതിപ്പിക്കും; അസൂയപ്പെടുത്തും. കണ്ണുകൾ മാത്രം മറയ്ക്കാതെ പർദ്ദയിടുന്നവരിൽ രണ്ടു വിഭാഗക്കാരുണ്ട്. ഒന്ന്, വിശ്വാസം കൊണ്ട് പ്രവർത്തിക്കുന്നവർ. രണ്ട്, അതൊരു സംസ്കാരമായി കാണുന്നവർ. അക്കൂട്ടർ ക്ലാസ് മുറികളിൽ എത്തിയാൽ മുഖത്തു നിന്ന് മറനീക്കിയെന്നു വരാം. പൊള്ളുന്ന വെയിലിനെ പ്രതിരോധിക്കാനും എല്ലാവരും മുഖം മൂടിക്കെട്ടാറുണ്ട്. ദൽഹിയിലെ നിർഭയ സംഭവത്തിനുശേഷം നടന്ന പെയിന്റിംഗ് പ്രദർശനത്തിനു വേണ്ടി വിരലുകളും കണ്ണുകളും മാത്രം പുറത്തിട്ട് ചിത്രം വരയ്ക്കുന്ന പർദ്ദയിട്ട പെൺകുട്ടികൾ കൗതുകമായി തോന്നി. ആ ആവിഷ്കാരങ്ങളിൽ ലോകബോധവും സ്വത്വബോധവും ഉൾകൊള്ളുന്ന വീക്ഷണങ്ങളുടെ നിറമുണ്ടായിരുന്നു. പുസ്തകങ്ങളുടെ മണം കഴിഞ്ഞാൽ പെയിന്റിന്റെ മണം ഏറെ ഇഷ്ടപ്പെടുന്നതു കൊണ്ടുതന്നെ നോക്കി അടുത്തു തന്നെ ഞാൻ നിന്നു.........

****